കെ.എസ്.ഇ.ബി. നഗരപുനരാവിഷ്കൃത ഊർജ്ജിത ഊർജ്ജ വികസന പദ്ധതി

6 (3997) ശ്രീ. വർക്കല കഹാർ :

ശ്രീ. സി. പി. മുഹമ്മദ് :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. നഗരപുനരാവിഷ്കൃത ഊർജ്ജിത ഊർജ്ജ വികസന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ ;

(സി) സമ്പൂർണ്ണ വൈദ്യുതീകരണത്തിന് പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ ;

(ഡി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് പ്രസ്തുത പദ്ധതി നടത്തിപ്പിനായി ലഭിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ) പ്രസരണ-വിതരണ വാണിജ്യ നഷ്ടം 15%ത്തിൽ താഴെയാക്കി കുറയ്ക്കുക എന്ന ലക്ഷ്യത്തോടുകൂടി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് പുനരാവിഷ്കൃത ഊർജ്ജിത ഊർജ്ജ വികസന പരിഷ്കരണ പദ്ധതി (RAPDRP-Part-B) 1078 കോടി രൂപ അടങ്കൽ തുകയുള്ള ഈ പദ്ധതി സംസ്ഥാനത്തെ 43 പട്ടണങ്ങളിൽ ഇപ്പോൾ നടപ്പിലാക്കി വരുന്നു. ഇതിൽ 40 പട്ടണങ്ങളിലെ പ്രവൃത്തികൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഡിപ്പാർട്ട്മെന്റലായും 3 പട്ടണങ്ങളിലെ പ്രവൃത്തികൾ ടേൺ കീ അടിസ്ഥാനത്തിലും നടപ്പിലാക്കി വരുന്നു. നാളിതുവരെ 298 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തിയായി.

(ബി) വൈദ്യുതി വിതരണ മേഖല ശക്തിപ്പെടുത്തുന്നതിനായി കേന്ദ്രഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് പുനരാവിഷ്കൃത ഊർജ്ജിത ഊർജ്ജ വികസന പദ്ധതി. പ്രദേശത്തെ വൈദ്യുതി വിതരണം പൂർണ്ണമായി ആധുനികവൽക്കരിച്ച് പ്രസരണ-വിതരണ വാണിജ്യ നഷ്ടം 15%-ത്തിൽ താഴെയാക്കി കുറയ്ക്കുന്നതിനും ഗുണമേന്മയുള്ള വൈദ്യുതി എല്ലാ ഉപഭോക്താക്കൾക്കും ലഭ്യമാക്കുവാനുമാണ് ഈ പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) സമ്പൂർണ്ണ വൈദ്യുതീകരണത്തിനായുള്ള പദ്ധതികളിൽ ഈ പദ്ധതി ഉൾപ്പെടുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ആർ.എ.പി.ഡി.ആർ.പി. രണ്ടു ഭാഗങ്ങളിലായാണ് നടപ്പിലാക്കുന്നത്. വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ പാർട്ട്-എ-യിൽ 297.54 കോടിരൂപ അടങ്കൽ തുകയുള്ള പ്രവൃത്തികൾക്കാണ് അനുമതി ലഭിച്ചത്. ഇത് 100% വായ്പയായാണ് കേന്ദ്ര സർക്കാർ ലഭ്യമാക്കിയിട്ടുള്ളത്. പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ഇത് ഗ്രാന്റായി മാറ്റുന്നതാണ്. ഇതിൽ നാളിതുവരെ 89.26 കോടി രൂപ ലഭിച്ചിട്ടുണ്ട്. ആർ.എ.പി.ഡി.ആർ.പി പാർട്ട്-ബി-യിൽ 1078 കോടി രൂപ അടങ്കൽ തുകയുള്ള പ്രവർത്തികൾക്കാണ് കേന്ദ്രഗവൺമെന്റ് അനുമതി ലഭിച്ചത്. ഇതിൽ 25% വായ്പയായാണ് കേന്ദ്രഗവൺമെന്റ് ലഭ്യമാക്കിയിട്ടുള്ളത്. പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് ഇത് ഗ്രാന്റായി മാറ്റുന്നതാണ്. പാർട്ട് -ബി പദ്ധതിയ്ക്കായി കേന്ദ്രഗവൺമെന്റിൽ നിന്നും ഇതുവരെ 161.74 കോടി രൂപ ലഭിച്ചിട്ടുണ്ട്.

കെ.എസ്.ഇ.ബി. ലിമിറ്റഡിലെ കാഷ്യർ തസ്തിക

7 (3998) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ.എസ്.ഇ. ബി. ലിമിറ്റഡിൽ സംസ്ഥാനത്താകെ വിവിധ ഓഫീസുകളിലായി എത്ര കാഷ്യർ തസ്തിക അനുവദിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

ഉത്തരം

(എ) 1384 തസ്തികകളുണ്ട് ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

ജില്ല	എണ്ണം
(1)	(2)
തിരുവനന്തപുരം	152
കൊല്ലം	111
പത്തനംതിട്ട	48
കോട്ടയം	94
ഇടുക്കി	42
ആലപ്പുഴ	92
എറണാകുളം	174

LIBRARY ARCHIVES Kerala Legislative Assembly